"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കേരളീയ പ്രവാസികാര്യ വകുപ്പ് - നോർക്ക സ്റ്റുഡന്റ് മൈഗ്രേഷൻ സെൽ എന്ന പദ്ധതി 2025-26 - ആദ്യ ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കേരളീയ പ്രവാസികാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.668/2025/NORKA തീയതി,തിരുവനന്തപുരം, 18-06-2025

---

പരാമർശം:- 1. സ.ഉ.(സാധാ.) നമ്പർ 658/2025/നോർക്ക തീയതി 11.06.2025

2. നോർക്ക-റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 16.06.2025 തീയതിയിലെ റൂട്ട്സ്/ 867/2025-CCandGD2 നമ്പർ കത്ത്.

**ഉത്തരവ്**

നോർക്ക സ്റ്റുഡന്റ് മൈഗ്രേഷൻ സെൽ പദ്ധതിയ്ക്കായി 2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതമായ 50,00,000/- (അൻപത് ലക്ഷം രൂപ മാത്രം)-രൂപയ്ക്ക് 2230-01-800-79 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്ന് ചെലവഴിച്ച് പദ്ധതി നടപ്പിലാക്കുന്നതിനായി പരാമർശം (1) പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിരുന്നു.

2) "നോർക്ക സ്റ്റുഡന്റ് മൈഗ്രേഷൻ സെൽ" പദ്ധതിയ്ക്കായി 2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തി ഭരണാനുമതി നൽകിയ 50,00,000/- (അൻപത് ലക്ഷം രൂപ മാത്രം)-രൂപയിൽ ആദ്യഗഡുവായി 25,00,000/- (ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) രൂപ 2230-01-800-79 (പ്ലാൻ) എന്ന ശീർഷകത്തിൽ അനുവദിച്ച് നൽകണമെന്ന് പരാമർശം (2) പ്രകാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. "നോർക്ക സ്റ്റുഡന്റ് മൈഗ്രേഷൻ സെൽ" പദ്ധതിയ്ക്കായി 2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തി ഭരണാനുമതി നൽകിയ 50,00,000/- (അൻപത് ലക്ഷം രൂപ മാത്രം)-രൂപയിൽ ആദ്യഗഡുവായി 25,00,000/- (ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) രൂപ 2230-01-800-79 (പ്ലാൻ) എന്ന ശീർഷകത്തിൽ ടി പദ്ധതി നടപ്പാക്കുന്നതിന് നോർക്ക-റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിൽ അനുവദിച്ചുകൊണ്ടും ടി തുക 010167D061 എന്ന ഡി.ഡി.ഒ. കോഡ് വഴി പിൻവലിക്കുന്നതിന് നോർക്ക റൂട്ട്സ് ഡി.ഡി.ഒ ആയ ഫിനാൻസ് & അക്കൗണ്ട്സ് മാനേജർക്ക് അനുമതി നൽകിയും ഇതിനാൽ ഉത്തരവാകുന്നു.

4) പദ്ധതിയ്ക്കുള്ള ഫണ്ട് പിൻവലിക്കുന്നതുമായി ബന്ധപ്പെട്ടുള്ള നിലവിലെ എല്ലാ വ്യവസ്ഥകളും നിബന്ധനകളും കൃത്യമായി പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബി സുനിൽ കുമാർ

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക-റൂട്ട്സ്, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
ആസൂത്രണ സാമ്പത്തികകാര്യ (സി.പി.എം.യു.) വകുപ്പ്.
കേരളീയ പ്രവാസികാര്യ (ബി 1) വകുപ്പ്.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ (ബി 3/186/2025-നോർക്ക)/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Githin. S. V
Date: 19-06-2025 10:19:55
സെക്ഷൻ ഓഫീസർ